**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2594** **18.08.2017-ൽ മറുപടിക്ക്**

**ഈസ്റ്റ് ഒറ്റപ്പാലം, കണ്ണിയംപ്പുറം എന്നീ പാലങ്ങൾ നിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ. പി. ഉണ്ണി | | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ഈസ്റ്റ് ഒറ്റപ്പാലം, കണ്ണിയംപ്പുറം എന്നീ പാലങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; അതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; എന്നാണ് ഭരണാനുമതി നൽകിയത്; വിശദാംശം ലഭ്യമാക്കുമോ; | (എ) ഈസ്റ്റ് ഒറ്റപ്പാലം-കണ്ണിയംപുറം എന്നീ പാലങ്ങൾ നിർമ്മിക്കുന്നതിന് 2016-17 വർഷത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 31.10.2016 ലെ ഉത്തരവ് നം. ജി. ഒ (ആർറ്റി) നം.1496/2016/പൊ.മ.വ പ്രകാരം 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പാലക്കാട്, കുളപ്പുള്ളി കെ.എസ്.റ്റി.പി. റോഡിലെ ഒറ്റപ്പാലം ടൗണിന്റെ ഇരുഭാഗത്തുമുള്ള ഈസ്റ്റ് ഒറ്റപ്പാലം പാലവും കണ്ണിയംപുറം പാലങ്ങളും പുനർനിർമ്മിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) പാലക്കാട് - കുളപ്പുള്ളി കെ.എസ്.റ്റി.പി. റോഡിലെ ഒറ്റപ്പാലം - ടൗണിന്റെ ഇരുഭാഗത്തുള്ള ഈസ്റ്റ് ഒറ്റപ്പാലം പാലത്തിന് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടു ണ്ട്. കണ്ണിയാംപുറം പാലത്തിന് സ്ഥലം ലഭ്യമായതിനാൽ പുനർനിർമ്മിക്കുന്നതിന് തടസ്സങ്ങൾ ഒന്നുംതന്നെ ഇല്ല. |
| (സി) | പ്രസ്തുത പാലങ്ങൾ അടിയന്തിരമായി നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) ഈസ്റ്റ് ഒറ്റപ്പാലം നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ പ്രസ്തുത പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**